(സി) കേന്ദ്രസർക്കാർ സഹായത്തോടെ ഉപകരണ വിതരണത്തിനായി എ.ഡി.ഐ.പി. പദ്ധതിയും സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി നാഷണൽ ഹാൻഡിക്യാപ്ഡ് ഫിനാൻസ് ആന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ വായ്പാ പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ഡി) ഇവർക്ക് പി.എസ്.സി. വഴിയുള്ള നിയമനത്തിന് 3% സംവരണമാണ് നിലവിലുള്ളത്.

## ഗ്രാമപഞ്ചായത്തുകളിലെ പാലിയേറ്റീവ് കെയർ പ്രോജക്ട്

351(1730) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന പാലിയേറ്റീവ് കെയർ പ്രോജക്ടിന് ഏതെല്ലാം രീതിയിലാണ് തുക കണ്ടെത്താൻ സർക്കാർ ഉദ്ദേശിക്കുന്നതെന്ന് അറിയിയ്ക്കുമോ;

(ബി) ഈ പദ്ധതിയ്ക്ക് പൊതുജനങ്ങളിൽ നിന്ന് സംഭാവന സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ദുരിതാശ്വാസ നിധിയുടെ മാതൃകയിൽ പാലിയേറ്റീവ് കെയർ നടപ്പാക്കുന്നതിനായി ഒരു നിധി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ആരംഭിയ്ക്കുന്നതിനും പൊതുജനങ്ങളിൽ നിന്ന് കൂടി സംഭാവന സ്വീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിഷ്കരിച്ച പാലിയേറ്റീവ് കെയർ മാർഗ്ഗരേഖപ്രകാരം അനുവദനീയമായ ചെലവുകൾ വഹിക്കുവാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വികസന ഫണ്ട്/തനത് ഫണ്ട്/ജനറൽ പർപ്പസ് ഫണ്ട് എന്നിവ വകയിരുത്താവുന്നതാണ്. വികസന ഫണ്ടിൽ നിന്നും വകയിരുത്താവുന്ന തുക പ്രത്യേക വിഭാഗങ്ങളുടെ പദ്ധതിക്ക് നീക്കിവയ്ക്കേണ്ട അനിവാര്യ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്. മരുന്ന് വാങ്ങുന്നതിന് മെയിന്റനൻസ് ഫണ്ട് വകയിരുത്താമെങ്കിലും മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗത്തിന് നിശ്ചയിച്ചിട്ടുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി വേണം തുക വകയിരുത്തേണ്ടത്. ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പാക്കുവാൻ പ്രാദേശിക വിഹിതം സമാഹരിക്കാവുന്നതാണ്. മനുഷ്യ സ്നേഹികൾ, സംഘടനകൾ, സ്ഥാപനങ്ങൾ വിദേശ മലയാളികൾ മുതലായവരിൽനിന്നും സംഭാവന സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഉണ്ട്. ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പാക്കുവാൻ പ്രാദേശിക വിഹിതം സമാഹരിക്കാവുന്നതും മനുഷ്യ സ്നേഹികൾ, സംഘടനകൾ, സ്ഥാപനങ്ങൾ, വിദേശ മലയാളികൾ മുതലയാവരിൽ നിന്നും സംഭാവന സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്താവുന്നതുമാണ്.

(നക്ഷത്രചിഹ്നമിടാത്ത 1386, 1536, 1580, 1590, 1608, 1679 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

---

LIBRARY ARCHIVES Kerala Legislative Assembly